'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 -ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് - 2024-25 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 12-ാം ഗഡു തുകയായി അനുവദിച്ചിട്ടുള്ളതും സാങ്കേതിക തകരാറിനാൽ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതെ പോയതുമായ തുക ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന് പുനരനുവദിച്ച് ഉത്തരവാകുന്നു.

---

## ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്

സ.ഉ.(സാധാ)നം.9170/2025/ധന തീയതി, തിരുവനന്തപുരം, 12-11-2025

---

പരാമർശം : 1. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01/04/2025 തീയതിയിലെ സി2 -01/2025 നമ്പർ അപേക്ഷ.

2. കുണ്ടറ സബ്ട്രഷറി ഓഫീസറുടെ 03/04/2025 തീയതിയിലെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

2024-2025 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച 12-ാം ഗഡു പൊതു ആവശ്യ ഫണ്ടിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചതും സാങ്കേതിക തകരാറിനാൽ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതെ പോയതുമായ 6,59,200/- രൂപ പുനരനുവദിക്കുന്നത് സംബന്ധിച്ച് ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ കുണ്ടറ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 2024-2025 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച 12-ാം ഗഡു പൊതു ആവശ്യ ഫണ്ടിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചതും സമയബന്ധിതമായി ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ

കഴിയാതെ പോയതുമായ ₹ 6,59,200/- (ആറു ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഇരുന്നൂറു രൂപ മാത്രം) '3604-00-200-83-04 NP' എന്ന ശീർഷകത്തിൽ നിന്നും, സാങ്കേതിക തകരാർ മൂലമോ ശ്രദ്ധയില്ലായ്മ മൂലമോ ബിൽ ജനറേഷനിൽ വരുത്തുന്ന വീഴ്ചകൾ ഭാവിയിൽ പരിഗണിക്കുന്നതല്ലെന്ന നിബന്ധനയോടെ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന് (B020700) പുനരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3110885)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ